"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.രേഷ്മ.ആർ-ന് കാർഷിക വികസ്സന കർഷകക്ഷേമ വകുപ്പിൽ പുനർനിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1129/2024/AGRI തീയതി,തിരുവനന്തപുരം, 29-11-2024

---

പരാമർശം:-

1. സ.ഉ.(സാധാ)നം.891/2023/കൃഷി തീയതി 13/09/2023
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 25/11/2023 ലെ ADFW/13097/2023/SD2 നമ്പർ നടപടിക്രമം
3. ശ്രീമതി.രേഷ്മ.ആർ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച 15/12/2023 ലെ അപേക്ഷ
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 22/01/2024 ലെ ADFW/13097/2023/SD2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പാലക്കാട് ജില്ലയിലെ നെന്മാറ കൃഷി ഓഫീസറായി 26/08/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി. രേഷ്മ ആർ-ന് ന്യൂഡൽഹി ഇന്ത്യൻ അഗ്രിക്കൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ പി എച്ച് ഡി കോഴ്സ് പൂർത്തിയാക്കുന്നതിനായി കെ.എസ്.ആർ ഭാഗം I അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി **പരാമർശം (1)** പ്രകാരം ഉത്തരവ് തീയതിയ്ക്ക് ശേഷം ടിയാൾ അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 30-06-2026 വരെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു.

2. ടിയാൾ ശൂന്യവേതനാവധിയിലായിരിക്കെ സെൻട്രൽ സിൽക്ക് ബോർഡിൽ സയന്റിസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനം ലഭിച്ചതിനാൽ വകുപ്പിൽ നിന്നുമുള്ള രാജി അംഗീക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും, NOC അനുവദിച്ചു കിട്ടുന്നതിനുമായിയുള്ള ടിയാളുടെ അപേക്ഷ പ്രകാരം 25/11/2023 ന് **പരാമർശം (2)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവായിരുന്നു. എന്നാൽ ടിയാൾക്കു പുതിയ ജോലിയുമായി പൊരുത്തപ്പെടാൻ സാധിക്കുന്നില്ല എന്നും രാജി പിൻവലിച്ചു തിരികെ ജോലിയിൽ പ്രവേശിപ്പിയ്ക്കണമെന്നാവശ്യപ്പെട്ടു **പരാർശം (3)** പ്രകാരം അപേക്ഷ നൽകിയിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ കൈക്കൊള്ളേണ്ട തുടർ നടപടികൾ സംബന്ധിച്ചു മാർഗനിർദേശങ്ങൾ നൽകണമെന്നു **പരാമർശം (4)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക്

ശിപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. കാർഷിക വികസ്സന കർഷക ക്ഷേമ വകുപ്പിൽ നിന്ന് വിടുതൽ ചെയ്ത് സെൻടൽ സിൽക്ക് ബോർഡിൽ സയന്റിസ്റ്റ് ഗ്രേഡ് ബി തസ്തികയിൽ നിയമനം സ്വീകരിച്ചതിനു ശേഷം പുതിയ ജോലിയുമായി പൊരുത്തപ്പെടാൻ സാധിക്കാത്തതിനാൽ തിരികെ ജോലിയിൽ പ്രവേശിപ്പിയ്ക്കണമെന്നഭ്യർത്ഥിച്ച് പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്ന ശ്രീമതി.രേഷ്മ.ആർ-ന് 18/02/1981-ലെ സ.ഉ.(പി) നം.48/81/ജി.എ.ഡി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കാർഷിക വികസ്സന കർഷകക്ഷേമ വകുപ്പിൽ പുനർനിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി. രേഷ്മ ആർ. (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി ( **AGRI-EA2/217/2023-AGRI)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 30-11-2024 12:32:06
സെക്ഷൻ ഓഫീസർ